## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7505 — 17.7.2012-ൽ മറുപടിയ്ക്ക്

ഹൈടെക് ഫാമിംഗ് രീതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് രീതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ മൂന്ന് എന്ന തോതിൽ 978 പഞ്ചായത്തുകളിൽ 400 ച.മീറ്റർ വിസ്തീർണ്ണമുള്ള മൊത്തം 2934 ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതാണ്. |
| (ബി) | ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഹൈടെക് ഫാമിംഗിന്റെ ഔദ്യോഗിക ഉദ്ഘാടനം തിരുവനന്തപുരത്ത ശാന്തിഗിരി ആശ്രമത്തിൽ വച്ച് 2012 ജൂൺ 6ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും തയ്യാറാക്കി വരുന്നു. ഹൈടെക് ഫാമിംഗിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതു/ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെ എം-പാനൽ ചെയ്യുവാനായി താത്പര്യ |

പ്രകടന പത്രിക (Expression of Interest) ക്ഷണിക്കുകയും 2 എണ്ണം ലഭിയ്ക്കുകയും ചെയിതിട്ടുണ്ട്. അവ പരിശോധിച്ച് ഉടൻ തന്നെ എം-പാനൽ ചെയ്യുന്നതാണ്. പൊതുമേഖലയിലും കർഷകരുടെ പറമ്പുകളിലും പ്രദർശന യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ജില്ലയിലും 2 കൃഷി ഓഫീസർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ ഹൈടെക് ഫാമിംഗിന്റെ നടത്തിപ്പിനായി നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(സി) ഗ്രീൻഹൗസുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന കർഷകർ ഹൈടെക് കൃഷിയുമായി ബന്ധപ്പെട്ട് യാത്ര ചെയ്യാൻ തത്പരരായിരിക്കണം, കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ കൃഷി യിൽ അവാർഡ് ലഭിച്ച കർഷകർക്ക് മുൻഗണന നൽകുന്ന തായിരിക്കും, ഹൈടെക് ഫാമിംഗുമായി ബന്ധപ്പെട്ട് പരിശീലനങ്ങളിൽ പങ്കെടുക്കുകയും മറ്റ് കർഷകർക്ക് അവ പകർന്ന് നൽകുകയും ചെയ്യണം, മുഴുവൻ സമയ കർഷകരായിരിക്കണം, സ്വന്തം പ്രദർശന യൂണിറ്റുകൾ മറ്റ് കർഷകർക്ക് സന്ദർശന യോഗ്യമാക്കണം, ഹൈടെക് കൃഷിയിൽ ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനവും, തുറസ്സായ സ്ഥലത്തെ സൂക്ഷ്മകൃഷിയ്ക്കായി മൊത്തം പദ്ധതി ചെലവിന്റെ 60 ശതമാനവും കർഷകൻ സ്വയം

വഹിക്കണം, നൂതന കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മുൻഗണന നൽകുന്നതായിരിക്കും, കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുവാൻ തയ്യാറായിരിക്കണം, വരുന്ന 10 വർഷത്തേയ്ക്ക് പോളിഹൗസ് കൃഷി തുടരണം, മൊത്തം ലാഭത്തിന്റെ 10 ശതമാനം സാങ്കേതിക വിദ്യാ വ്യാപനത്തിനായി ചെലവഴിക്കണം, അനുയോജ്യമായ യോഗ്യതയുണ്ടായിരിക്കണം. കർഷകർ അവരുടെ കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ)ന് അപേക്ഷ നൽകേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**